**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - റിട്ടയർഡ് ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. ബി. സുരേഷ് കുമാറിന് കുടിശ്ശിക ശമ്പള ആനുകൂല്യങ്ങൾ തൃശ്ശൂർ കോർപറേഷന്റെ തനത് ഫണ്ടിൽ നിന്നും നൽകിയ നടപടി സാധൂകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം. 483/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 02.03.2019

---

പരാമർശം:- 1. സ.ഉ(സാധാ)നം.2070/2018/തസ്വഭവ തീയതി 28.07.2018

2. 28.07.2018 ലെ ഇഡബ്ല്യൂ3/456/2017/തസ്വഭവ നമ്പർ സർക്കാർ കത്ത്.

3 തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 15.11.2018-ലെ ജി4-ജി.ഡബ്ല്യൂ4(പി.ഡബ്ല്യൂ.8)27686/13 നമ്പർ കത്ത്.

4 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2018 ലെ ഇ 9/2958/14//സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

നിർത്തലാക്കപ്പെട്ട പാലക്കാട് വികസന അതോറിറ്റിയിലെ ജീവനക്കാരനായിരുന്ന ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. ബി. സുരേഷ് കുമാറിനെ മുനിസിപ്പൽ കോമൺ സർവീസിലേക്ക് ആഗിരണം ചെയ്യുകയും, തുടർന്ന് തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗം രൂപീകരിച്ചപ്പോൾ സാങ്കേതിക വിഭാഗം ജീവനക്കാരനായതിനാൽ എൻജിനീയറിംഗ് വിഭാഗത്തിന്റെ ഭാഗമാക്കുകയും ചെയ്തതിനാൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ എൻജിനീയറിംഗ് വിഭാഗം ജീവനക്കാരുടെ കാര്യത്തിലെ രീതി അനുവർത്തിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. കൂടാതെ ടിയാന്റെ കുടിശ്ശിക ശമ്പളാനുകൂല്യങ്ങൾ തൃശ്ശൂർ കോർപ്പറേഷന്റെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി കൈക്കൊള്ളാനും, ഇത്തരത്തിൽ ശമ്പള ചെലവുകൾ നൽകിയ നടപടി സാധൂകരിക്കേണ്ടതുള്ളതിനാൽ ഇക്കാര്യത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുവാനും തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എൻജിനീയർക്കും, തൃശ്ശൂർ കോർപറേഷൻ സെക്രട്ടറിക്കും പരാമർശം (2) പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി.

2. 30.04.2011 ലെ സ.ഉ(പി)നം.202/2011/ധന ഉത്തരവ് പ്രകാരം 2011 ജൂൺ മാസം മുതൽ തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളം സർക്കാർ ട്രഷറി വഴി നൽകുകയുണ്ടായി. എന്നാൽ ഈ സമയത്ത് ശ്രീ. സുരേഷ് കുമാറിന് തൃശ്ശൂർ അർബൻ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം അവസാനിപ്പിച്ച് തൃശ്ശൂർ കോർപ്പറേഷനിൽ പ്രത്യേകമായി നിലനിർത്തിയിരുന്ന ഡെവലപ്പ്മെന്റ് വിഭാഗം ഫണ്ടിൽ നിന്നാണ് മറ്റ് ഡെവലപ്പ്മെന്റ് ജീവനക്കാരുടെ പോലെ ശമ്പളം നൽകിയിരുന്നത്. 21.05.2013 ലെ സ.ഉ(കൈ)നം.191/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ ഡെവലപ്പ്മെന്റ് അതോറിറ്റി പുന.സ്ഥാപിച്ച് ഈ ജീവനക്കാർ തിരികെ തൃശ്ശൂർ വികസന അതോറിറ്റിയിലേക്ക്

പോകുന്നതുവരെ *(31.07.2013 വരെയുള്ള)* ടിയാന്റെ ശമ്പളവും ആനുകൂല്യങ്ങളും പ്രസ്തുത ഡെവലപ്പ്മെന്റ് വിഭാഗം ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത്. അതിനാൽ, ശ്രീ. സുരേഷ് കുമാറിന് സർക്കാർ നിർദ്ദേശ പ്രകാരം ടിയാന്റെ 01.08.2013 മുതൽ ടിയാൻ വിരമിക്കുന്ന 31.05.2016 വരെയുള്ള കുടിശ്ശിക ശമ്പളാനുകൂല്യങ്ങൾ തൃശ്ശൂർ കോർപറേഷന്റെ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ആയതിനാൽ, ഈ ഇനത്തിൽ ടിയാന് നൽകിയ 37,19,779/- രൂപ *(മുപ്പത്തിയേഴ് ലക്ഷത്തി പത്തൊൺപതിനായിരത്തി എഴുനൂറ്റി എഴുപത്തിയൊൺപത് രൂപ മാത്രം)* അനുവദിച്ച നടപടിക്ക് സാധൂകരണം നൽകണമെന്നും ടി തുക തിരികെ കോർപ്പറേഷന്റെ തനത് ഫണ്ടിലേക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയരും, തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയും പരാമർശം (3), (4) പ്രകാരം ആവശ്യപ്പെട്ടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ശമ്പള ശീർഷകത്തിലെ യഥാർത്ഥ ചെലവ് മാത്രം ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് കുറവ് ചെയ്യുന്നതിനാൽ ടിയാന്റെ ശമ്പള ചെലവുകൾ കോർപറേഷന് റീ - ഇമ്പേഴ്സ് ചെയ്യേണ്ട ആവശ്യമില്ല. ആയതിനാൽ, ശ്രീ. സുരേഷ് കുമാറിന് 01.08.2013 മുതൽ 31.05.2016 വരെയുള്ള 37,19,779/- രൂപയുടെ കുടിശ്ശിക ശമ്പളാനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും തൃശ്ശൂർ കോർപറേഷന്റെ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത്. വി.പി**

അണ്ടർ സെക്രട്ടറി

1 ശ്രീ. ബി. സുരേഷ് കുമാർ, ബിൽഡിംഗ് ഇൻസ്പെക്ടർ (റിട്ട) ( *തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)*
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.